


# ലൂർദ്ദ് മാതാവിന്റെ തിരുനാൾ

ബ്ര. തോമസ് മുതുകാട്ടിൽ MCBS

Vol. 11, Issue: 41

**ഈ**ശോമിശിഹായിൽ സ്നേഹമുള്ള സഹോദരങ്ങളേ,

തിരുസഭയിൽ ഇന്ന് ലൂർദ്ദ് മാതാവിന്റെ തിരുനാൾ ആഘോഷിക്കുന്ന ദിനമാണ്. ലൂർദ്ദിലെ മറിയത്തിന്റെ ആദ്യപ്രത്യക്ഷീകരണത്തിന്റെ 163-ാം വാർഷികദിനം. 1858 ഫെബ്രുവരി 11-ാം തീയതി ഫ്രാൻസിലെ ലൂർദ്ദ് എന്ന ഗ്രാമത്തിൽ ബർണ്ണദീത്തായും സഹോദരി മേരിയും ബന്ധുവായിരുന്ന ജോണും വിറക് പെറുക്കാനായി കാട്ടിലായിരിക്കുമ്പോഴാണ് ആദ്യമായി പരിശുദ്ധ മറിയത്തിന്റെ പ്രത്യക്ഷീകരണം നടക്കുന്നത്. ജൂലൈ 16-ാം തീയതി വരെ പതിനെട്ടോളം തവണ മറിയം ബർണ്ണദീത്തായ്ക്ക് പ്രത്യക്ഷപ്പെട്ട് സന്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു.

മക്കളിൽ ഏറ്റവും മൂത്തവളായിരുന്ന ബർണ്ണദീത്തയെ, അവളുടെ അമ്മ വിറക് പെറുക്കാനായി അടുത്തുള്ള കാട്ടിലേയ്ക്ക് അയച്ചു; കൂടെ മേരിയും ജോണുമുണ്ടായിരുന്നു. അവർ പാറകൾ നിറഞ്ഞ ഒരു സ്ഥലത്തേയ്ക്ക് നീങ്ങി. അവിടെ വച്ച് അവൾ അസാധാരണമായ ഒരു സ്വരം കേട്ടു. രണ്ടു തവണ ആ സ്വരമുയർന്നു. അത് കൊടുങ്കാറ്റിന്റെ സ്വരമായിരിക്കുമെന്ന് കരുതി ചുറ്റുമുള്ള മരങ്ങളിലേയ്ക്ക് അവൾ നോക്കി. ഒറ്റ ഇലകൾ പോലും ചലിക്കുന്നില്ല. അവൾ പാറയുടെ സ്ഥലത്തേയ്ക്കു നോക്കി. അവിടെയുള്ള ഗ്രോട്ടോയിൽ നിന്നും പ്രകാശം നിറഞ്ഞ ഒരു സ്ത്രീ പുഞ്ചിരിച്ചുകൊണ്ട് ബർണ്ണദീത്തായെ വിളിച്ചു. ഉള്ളിലെ ഭയം മാറി അവളിൽ ആത്മവിശ്വാസം നിറഞ്ഞു. അവൾ ജപമാല കൈയ്യിലെടുത്ത് ചൊല്ലിത്തുടങ്ങി. ആ സ്ത്രീയും കൊന്തമണികൾ ഉരുട്ടിക്കൊണ്ടിരുന്നു. പിതാവിനും പുത്രനും... എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ സ്ത്രീയും അവൾക്കൊപ്പം പ്രാർത്ഥിച്ചു. ജപമാല പൂർത്തിയായപ്പോൾ ആ സ്ത്രീ അപ്രത്യക്ഷയായി.

പിറ്റേന്നും അവൾ ഗ്രോട്ടോയിൽ വച്ച് ആ സ്ത്രീയെ കണ്ടുമുട്ടി. ഫെബ്രുവരി 18-ന് സ്ത്രീ അവളോടു പറഞ്ഞു: "നിനക്ക് ലോകത്തിലെ സുഖങ്ങൾ ഞാൻ വാഗ്ദാനം ചെയ്യുന്നില്ല. എന്നാൽ പരലോകത്തിൽ ഞാനത് വാഗ്ദാനം ചെയ്യുന്നു." അന്നുവരെയും ഇടവിട്ട് പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന മറിയം അവളോട് ആവശ്യപ്പെട്ടു: "ഇനി 15 ദിവസം തുടർച്ചയായി ഇവിടെ വരുമോ?" അവൾ സമ്മതിച്ചു.

ഈ വാർത്ത നാടു മുഴുവൻ പ്രചരിച്ചു. ഗ്രോട്ടോയിലേയ്ക്ക് ആളുകളുടെ പ്രവാഹമായി. അവൾക്ക് സുബോധം നശിച്ചുവെന്നു പറഞ്ഞ് അനേകർ അവളെ പരിഹസിച്ചു. ഒട്ടേറെ വിമർശനങ്ങൾ അവൾക്കും സഹിക്കേണ്ടിവന്നു.

ഫെബ്രുവരി 24-ന് ആ സ്ത്രീ വിലപിച്ചുകൊണ്ട് ബർണ്ണദീത്തായോടു പറഞ്ഞു: "പരിഹാരപ്രവൃത്തികൾ, പരിഹാരപ്രവൃത്തികൾ... പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുക."

മാർച്ച് 25-ന് 16-ാമത്തെ പ്രത്യക്ഷീകണത്തിൽ ബർണ്ണദീത്ത തനിക്ക് പ്രത്യക്ഷപ്പെട്ട സ്ത്രീയോട്

പേര് ചോദിച്ചപ്പോൾ അവൾ സ്വയം പരിചയപ്പെടുത്തിയത് മറിയം എന്നല്ല, 'അമലോത്ഭവ' എന്നായിരുന്നു. 9-ാം പീയൂസ് പാപ്പ, മറിയത്തെ അമലോത്ഭവ എന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ട് ഏതാണ്ട് നാലു വർഷത്തിൽ താഴെയേ ആയിരുന്നുള്ളൂ. ഈ പ്രഖ്യാപനത്തെ ഉറപ്പിക്കുന്നതായിരുന്നു ഇത്.

തന്റെ പതിമൂന്നാമത്തെ പ്രത്യക്ഷീകരണത്തിൽ മറിയം അവളോട് ആവശ്യപ്പെട്ടു: "വൈദികനെ പോയിക്കണ്ട് പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കാൻ ഇവിടെ ഒരു ദൈവാലയം പണിയുക" എന്ന്. ഇന്ന് അനേകലക്ഷം ആളുകൾ വന്ന് പ്രാർത്ഥിച്ചുപോകുന്ന ഒരു തീർത്ഥാടനകേന്ദ്രമാണ് ലൂർദ്ദ്. ജപമാലയുടെയും ദിവ്യകാരുണ്യ പ്രദക്ഷിണത്തിന്റെയും സമയത്ത് അനേകം അത്ഭുതങ്ങളും രോഗശാന്തികളും ഇവിടെ നടക്കുന്നു.

പ്രിയപ്പെട്ട സഹോദരങ്ങളേ, തന്റെ സ്വർഗ്ഗാരോപണത്തിരുനാൾ മുതൽ മക്കളായ നമ്മെ രക്ഷയുടെ മാർഗ്ഗത്തിലൂടെ നയിക്കാൻ വേണ്ടി പരിശുദ്ധ മറിയം അവിശ്രാമം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നതിന്റെ തെളിവുകളാണ് പരിശുദ്ധ മറിയത്തിന്റെ പ്രത്യക്ഷീകരണങ്ങൾ. കഴിഞ്ഞ രണ്ടായിരത്തിലധികം വർഷങ്ങളായി പരിശുദ്ധ മറിയം ആയിരത്തിലധികം തവണ ലോകത്തിൽ പലർക്കും പല സ്ഥലത്തും പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ലൂർദ്ദ്, ഫാത്തിമ, പാരീസ്, ബ്രസൽസ് മുതലായ സ്ഥലങ്ങളിലെ പ്രത്യക്ഷപ്പെടലുകൾ സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളവയാണ്. പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിൽ മാതാവിന്റെ പ്രത്യക്ഷീകരണങ്ങൾ വർദ്ധിച്ചിട്ടുണ്ട്. ഇവയിൽ, എല്ലാം സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടില്ലെങ്കിലും പിൽക്കാല സംഭവങ്ങളുടെ വെളിച്ചത്തിൽ വിശ്വസനീയങ്ങളാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഫ്രാൻസിൽ 19-ാം നൂറ്റാണ്ടിൽ നടന്ന പല ഭീകരസംഭവങ്ങളെയും പരിശുദ്ധ മറിയം മുൻകൂട്ടി അറിയിച്ചിരുന്നു. കമ്മ്യൂണിസത്തിന്റെ ആവിർഭാവത്തെയും പതനത്തെപ്പറ്റിയും മാതാവ് ഫാത്തിമായിൽ വെളിപ്പെടുത്തിയിരുന്നു. ആഫ്രിക്കയിൽ ലക്ഷക്കണക്കിന് ആളുകൾ കൂട്ടക്കൊല ചെയ്യപ്പെട്ട സംഭവത്തെപ്പറ്റി മാതാവ് വ്യക്തമായ മുന്നറിയിപ്പുകളും പ്രതിവിധിയും മുമ്പേ നൽകിയിരുന്നു.

ദൈവം എന്തിനാണ് സ്വകാര്യ വെളിപാടുകൾ നൽകുന്നത്? ചരിത്രത്തിന്റെ ഒരു പ്രത്യേക കാലഘട്ടത്തിൽ അത്യാവശ്യമായ ഒരു പ്രവാചകസന്ദേശം ലോകത്തിനു നൽകുവാനായി ദൈവം ചില വ്യക്തികളെ തിരഞ്ഞെടുക്കുന്നു. ആ സന്ദേശം ചിലപ്പോൾ നാം അവഗണിച്ചുകളഞ്ഞിരിക്കുന്ന ഒരു നിത്യസത്യത്ത ഓർമ്മിപ്പിക്കുന്നതാകാം. ചില സമയങ്ങളിൽ അതൊരു മുന്നറിയിപ്പാകാം. ചിലപ്പോൾ സമാശ്വാസത്തിന്റെ സന്ദേശങ്ങളാകാം, മറ്റൊരവസരത്തിൽ മാനസാന്തരത്തിനുള്ള ആഹ്വാനമാകാം. അത് എന്തായാലും യേശു വഴി അപ്പസ്തോലന്മാരിലൂടെയും തിരുവചനത്തിലൂടെയും നമുക്കു ലഭിച്ചിട്ടുള്ള വിശ്വാസസമ്പത്തിനെ മാറ്റിക്കളയുന്നതായിരിക്കില്ല; പ്രത്യുത, ആ കാലഘട്ടത്തെ നവമായ ചൈതന്യത്തോടെ സുവിശേഷ വെളിച്ചത്തിലേയ്ക്ക് നയിക്കുന്നതായിരിക്കും.

സ്വകാര്യവെളിപ്പെടുത്തലുകളെ സംബന്ധിച്ച് വി. അഗസ്റ്റിൻ പറയുന്നത് "തിരഞ്ഞെടുക്കപ്പെട്ടവരുടെ രക്ഷയ്ക്ക് അത്യാവശ്യമായി വരുന്ന സാഹചര്യങ്ങളിൽ അവരെ നയിക്കാനായി പ്രവാചകാത്മാവുള്ള വ്യക്തികൾ എന്നും ഉണ്ടായിരുന്നു. വിശ്വാസസത്യങ്ങളെ സംബന്ധിച്ചുള്ള പുതിയൊരു പഠനമല്ല അവരിലൂടെ വെളിപ്പെടുന്നത്" എന്നാണ്.

പണ്ഡിതനും വേദപാരംഗതനുമായിരുന്ന വി. തോമസ് അക്വീനാസ് ഇങ്ങനെ പഠിപ്പിക്കുന്നു: "മനുഷ്യരുടെ പ്രവർത്തികളെ നയിക്കുന്ന വിഷയത്തിൽ പ്രവാചകവെളിപ്പെടുത്തലുകൾ വ്യത്യസ്തമാകുന്നത് കാലക്രമത്തെ ആശ്രയിച്ചല്ല. പ്രത്യുത, സാഹചര്യത്തിന്റെ ആവശ്യത്തിനനുസരിച്ചാണ്." കാരണം, സുഭാഷിതങ്ങളുടെ പുസ്തകം 29:18-ൽ ഇങ്ങനെ പറയുന്നു: "പ്രവചനം ഇല്ലാത്തിടത്ത് ജനങ്ങൾ നിയന്ത്രണം വെടിയുന്നു. തിരഞ്ഞെടുക്കപ്പെട്ടവരുടെ രക്ഷയ്ക്ക് അവർക്ക് നേർവഴി ദൃശ്യമാക്കാൻ ദൈവം എന്നും പ്രവർത്തിക്കുന്നു. പ്രവാചകന്മാർ എല്ലാ കാലഘട്ടത്തിലും സഭയിലുണ്ടായിരുന്നു. അവർ വിശ്വാസത്തിലേയ്ക്ക് എന്തെങ്കിലും കൂട്ടിച്ചേർക്കുകയല്ല, പ്രത്യുത, മനുഷ്യവർഗ്ഗത്തെ സത്യത്തിലേയ്ക്ക് തിരിച്ചുവിടുകയാണ് ചെയ്യുന്നത്."

പ്രിയപ്പെട്ട സഹോദരങ്ങളേ, ദൈവം തന്റെ ഹിതം വെളിപ്പെടുത്തുമ്പോൾ അവയോട് ഒരു തുറവിയുടെ മനോഭാവം നമുക്കുണ്ടാവട്ടെ. പൗലോസ് ശ്ലീഹാ തെസലോനിക്കാക്കാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "പ്രവചനങ്ങളെ നിന്ദിക്കരുത്. എല്ലാം പരിശോധിച്ചു നോക്കുവിൻ. നല്ലവയെ മുറുകെപ്പിടിക്കുവിൻ" (1 തെസ. 5:20-21). ഹൃദയം തകർന്ന് ആകുലതയോടെയും കണ്ണീരോടെയും ആ നല്ല അമ്മ മറിയം പലയിടത്ത് പ്രത്യക്ഷപ്പെട്ട് സ്വയം വിശുദ്ധീകരിക്കാനും പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കാനും പരിഹാരം ചെയ്യാനും ആഹ്വാനം ചെയ്യുന്നതിനു പിന്നിലുള്ള ഹൃദയവേദന നമുക്ക് വായിച്ചെടുക്കാം. അങ്ങനെ ദൈവഹിതത്തോട് സഹകരിച്ച് പരിശുദ്ധ മറിയത്തിന്റെയും ഈശോയുടെയും ഹൃദയത്തിന് ഇണങ്ങിയവരായിത്തീരാം. ദൈവം നമ്മെ അതിനായി സമൃദ്ധമായി അനുഗ്രഹിക്കട്ടെ.